പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8142 — 17/07/2014-ൽ മറുപടിക്ക്

# മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജനറൽ മാനേജർ അമിതാഭായിയുടെ വിദ്യാഭ്യാസ യോഗ്യതകൾ

**ചോദ്യം**

**ശ്രീ. കെ. കെ. നാരായണൻ**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജനറൽ മാനേജർ അമിതാഭായിയുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഇപ്പോഴത്തെ ജനറൽ മാനേജർ ശ്രീമതി എസ്. അമിതാഭായി തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്നും ബി.എസ്.സി. എഞ്ചിനീയറിംഗ് പാസ്സായതിനു ശേഷം കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ 28 വർഷത്തെ സേവനത്തിനു ശേഷം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ആയി വിരമിച്ച വ്യക്തിയാണ്. |
| (ബി) | ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ ലഭ്യമാക്കാമോ ; | (ബി) | മറ്റു ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും, വിരമിച്ചശേഷവും കോർപ്പറേഷനിൽ നിയമിച്ച ആരുടേയും വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ വാങ്ങിയിട്ടില്ല. അവരുടെ മാതൃവകുപ്പിലെ പ്രവൃത്തി പരിചയം കണക്കിലെടുത്താണ് നിയമിക്കുന്നത്. ആയതിനാൽ ശ്രീമതി അമിതാഭായിയുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമല്ല. |
| (സി) | ഇവരെ ഈ തസ്തികയിൽ നിയമിക്കുന്നതിനെതിരെ ധനവകുപ്പ് എതിർപ്പ് രേഖപ്പെടുത്തിയിരുന്നോ ; | (സി) (ഡി) & (ഇ) | ഈ തസ്തികയിൽ നിയമിക്കുന്നതിനെതിരെ ആരും എതിർപ്പ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മൂന്നാമത്തെ വർഷം കരാർ പുതുക്കുന്ന സമയത്ത് കോർപ്പറേഷനിൽ പർച്ചേസ് പരിചയമുള്ള ആളുകൾ വേണ്ടത്ര ഇല്ലാതിരുന്നതിനാൽ അവരുടെ കോർപ്പറേഷനിലെ രണ്ട് വർഷത്തെ പെർഫോർമൻസ് കണക്കിലെടുത്തും തുടർന്നും സർവ്വീസ് നീട്ടുവാൻ മാനേജിംഗ് ഡയറക്ടർ ബോർഡിലേയ്ക്ക് നിർദ്ദേശിച്ചു. അപ്പോൾ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിലെ ധനകാര്യവകുപ്പിലെ അംഗം, ശ്രീമതി അമിതാബായിക്ക് ഫാർമസ്യൂട്ടിക്കൽ മേഖലയിലുള്ള യോഗ്യതയും പ്രവൃത്തി പരിചയവും ഇല്ല എന്ന കാരണത്താൽ വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ ഭൂരിപക്ഷ മറ്റ് ബോർഡ് അംഗങ്ങൾ (7 പേർ) ശ്രീമതി അമിതാബായിയുടെ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ പ്രവർത്തന മികവ് അംഗീകരിക്കുകയും അവർ തൽസ്ഥാനത്ത് തുടരുവാൻ കരാർ പുതുക്കി നൽകുവാൻ അംഗീകാരം നൽകുകയും ചെയ്തു. |
| (ഡി) | രേഖപ്പെടുത്തിയിരുന്നു എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ; | | |
| (ഇ) | ധനവകുപ്പിന്റെ എതിർപ്പ് മറികടന്ന് ഇവരെ ഈ തസ്തികയിൽ തുടരാൻ അനുവദിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ; | | |

| | | | |
|---|---|---|---|
| (എഫ്) | ഇതിന് ഉത്തരവ് നൽകിയത് ആരാണെന്നും ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ? | (എഫ്) | കോർപ്പറേഷന്റെ 27-ാമത്തെ ഡയറക്ടർ ബോർഡാണ് പ്രസ്തുത തീരുമാനമെടുത്തത്. ധനകാര്യവകുപ്പിലെ അംഗത്തെക്കൂടാതെ താഴെപ്പറയുന്നവരാണ് മറ്റ് ബോർഡ് അംഗങ്ങൾ.<br>1. Sri.Rajeev Sadanandan IAS, Chairman, KMSCL & Principal Secretary, H&FWD<br>2. Dr. M. Beena IAS, State Mission Director, NRHM<br>3. Dr. P. K. Jameela, Director of Health Services<br>4. Dr. V. Geetha, Director of Medical Education<br>5. Sri. Hariprasad P., Drugs Controller<br>6. Dr. Joyamma Varkey, Prof. & Head of Pharmaceutical Sciences, MC, Tvpm.<br>7. Sri. R. Kamalhar IFS, Managing Director, KMSCL. |

സെക്ഷൻ ഓഫീസർ